**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 ശ്രീമതി. സംഗീത എ വി- ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2802/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 01.11.2018

പരാമർശം : നഗരകാര്യഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ 5- 35690/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സംഗീത എ വി 11.10.2017 മുതൽ 15.02.2018 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ പരാമർശകത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രണ്ടാം വൈദ്യ പരിശോധന റിപ്പോർട്ടിന്റെ അഭാവത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ യഥാർത്ഥത തെളിയിക്കുവാൻ സാധിക്കാത്തതിനാൽ ശ്രീമതി. സംഗീത എ.വി. എന്ന ജീവനക്കാരിയ്ക്ക് 11.10.2017 മുതൽ 15.02.2018 വരെ, ടി കാലയളവ് ഇൻക്രിമെന്റ്,പെൻഷൻ,ഹയർഗ്രേഡ്,ആർജ്ജിതാവധി തുടങ്ങിയ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി .സംഗീത എ വി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2, കൊല്ലം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ